# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1197** **05.03.2018-ൽ മറുപടിയ്ക്ക്**

## <u>മത്സ്യങ്ങളിലെ മായം ചേർക്കൽ</u>

| <u>ചോദ്യം</u><br>ശ്രീ.ബി.സത്യൻ | <u>മറുപടി</u><br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) സംസ്ഥാനത്ത് വിപണിയിൽ ലഭ്യമാകുന്ന മത്സ്യങ്ങളിൽ ഭൂരിഭാഗവും മായം ചേർത്തതാണ് എന്ന കാര്യം വകുപ്പ് സ്ഥിരീകരിച്ചിട്ടുണ്ടോ; | എ) മത്സ്യങ്ങളിൽ രാസ പദാർത്ഥങ്ങൾ ചേർത്ത് വിപണനം നടത്തുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും വിപണിയിൽ ലഭ്യമാകുന്നതിന്റെ ഭൂരിഭാഗവും മായം ചേർന്നതാണെന്ന് പറയുന്നതിൽ വസ്തുതയില്ല. |
| ബി) ഇതിലുണ്ടായ ആശങ്ക പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | ബി) മത്സ്യങ്ങളിൽ രാസപദാർത്ഥങ്ങൾ കലർത്തി വിപണനം നടത്തുന്നത് തടയുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പും ഭക്ഷ്യ സുരക്ഷ വിഭാഗവും സംയുക്തമായി 14 ജില്ലകളിലും സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തി വരുന്നു. ഇത്തരത്തിൽ ശേഖരിച്ച സാമ്പിളുകൾ പരിശോധിച്ച് കുറ്റക്കാരെന്നു കണ്ടാൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് 2006 പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന്റെ ഭാഗമായി ബോധവത്ക്കരണ ക്ലാസുകളും നൽകി വരുന്നുണ്ട്. |
| സി) വിഷരഹിത മത്സ്യം ലഭ്യമാക്കാനുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;എങ്കിൽ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ? | സി) വിഷരഹിതമായ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് മത്സ്യബന്ധനം തുറമുഖം/കരയ്ക്കടുപ്പിക്കൽ കേന്ദ്രം മുതൽ മാർക്കറ്റുകൾ വരെ നീളുന്നതും, കേരളത്തിലെ മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യം നേരിട്ട് അവരിൽ നിന്നും സംഭരിച്ച് ഗുണനിലവാരം ഉറപ്പാക്കി ശീതീകരിച്ച് ഉപഭോക്താക്കളിൽ എത്തിക്കുന്നതും ആയ ഒരു ശീതീകരണ ശൃംഖല അഥവാ കോൾഡ് ചെയിൻ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് ഗുണനിലവാരമുള്ള മത്സ്യങ്ങളുടെ വിപണനം ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം സർക്കാർ ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ആഫീസർ**